## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4601 — 18.05. 2017 ൽ മറുപടിക്ക്

### പെൻഷനായ കെ.എസ്.ഇ.ബി. ജീവനക്കാരുടെ ആശങ്കകൾ

| ചോദ്യം<br>ശ്രീ.എൻ.ഷംസുദ്ദീൻ | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ഇ.ബി. കമ്പനിയായി മാറിയപ്പോൾ ഇവിടെ നിന്നും പെൻഷൻ പറ്റിയ ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;<br>(ബി) ജീവനക്കാരുടെ പെൻഷൻ വിതരണം സുഗമമാക്കുവാൻ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരവും അത് മൂലം സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും, ജീവനക്കാരും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരവും കെ.എസ്.ഇ.ബി. ലിമിറ്റഡിലേക്ക് മാറ്റപ്പെട്ട ജീവനക്കാരുടേയും പെൻഷൻക്കാരുടേയും പെൻഷൻ ഉൾപ്പെടെയുള്ള സേവന വേതന ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് 12.02.2015 – ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആൻറ് ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്.<br>(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 31.03.2013 വരെ നിയമിതരായ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം കൈകാര്യം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഒരു മാസ്റ്റർ ട്രസ്റ്റ് - 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആൻറ് ഗ്രാറ്റുവിറ്റി ട്രസ്റ്റ്' എന്ന് പേരിൽ 12.02.2015 – ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 31.10.2013 വരെയുള്ള പെൻഷൻ ബാധ്യതയായി 12419 കോടി രൂപ എന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതും ഈ തുകയിൽ 524 കോടിരൂപ സംസ്ഥാന സർക്കാർ ബഡ്ജറ്ററി അലോക്കേഷൻ വഴി വൈദ്യുതി ബോർഡ് ലിമിറ്റഡിന് നൽകുന്നതും, ബാക്കി തുകയായ 11895 കോടിരൂപയ്ക്ക് രണ്ടുതരം ബോണ്ടുകൾ - (i). 8144 കോടി രൂപ 20 വർഷത്തേയ്ക്ക് 10% (ii) 3751 കോടി രൂപ 10 വർഷത്തേയ്ക്ക് 9% - പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ തുകയിൽ `3751 കോടി രൂപ കേരളസർക്കാർ വിഹിതമായിരിക്കുന്നതും ആയത് 31.10.2013 മുതലുള്ള 10വർഷം കെ.എസ്.ഇ.ബി. ലിമിറ്റഡ്, കേരളസർക്കാരിന് നൽകേണ്ട ഇലക്ട്രിസ്റ്റി ഡ്യൂട്ടിയിൽ തട്ടികിഴിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ രണ്ടുതരം ബോണ്ടുകളും 01.04.2017 – ന് കെ.എസ്.ഇ.ബി. ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആൻറ് ഗ്രാറ്റുവിറ്റി ട്രസ്റ്റിനു വേണ്ടി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) നിലവിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ? | (സി) കമ്പനിവൽക്കരണത്തെ തുടർന്ന് യൂണിയനുകളും, മാനേജ്മെന്റും, കേരള സർക്കാരും തമ്മിൽ ത്രികക്ഷി കരാർ ഒപ്പുവച്ച് ജീവനക്കാരുടെ നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ അതേപടി തുടരുന്നതിന് ധാരണയയിലെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ